# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1559

### 04-10-2016 ലെ മറുപടിക്ക്

### മാന്ദ്യ വിരുദ്ധ പാക്കേജ്

| ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ്. പി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച മാന്ദ്യ വിരുദ്ധ പാക്കേജിനായുള്ള വിഭവം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കമോ; | 19-08-2016 തീയതിയിലെ ഓർഡിനൻസ് നം.6/2016 ലൂടെ 1999 ലെ KIIF ആക്റ്റ് സർക്കാർ ഭേദഗതി ചെയ്യുകയും, അത് 19-08-2016 ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം നം.1464 ലൂടെ പുറപ്പെടുവിക്കുകയും ചെയ്യുതു വഴി സെബിയും ആർബിഐയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കിഫ്ബിയെ സജ്ജമാക്കിയിട്ടുണ്ട്. 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന 2000 കോടിയിൽ അവശേഷിച്ച 873.85 കോടി, |

| | |
|---|---|
| | കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി പാക്കേജ് പ്രകാരം നടപ്പിലാക്കാൻ സജ്ജമാക്കിയിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണ പ്രക്രിയ ആരംഭിക്കാൻ തത്കാലം ഈ തുക പ്രയോജനപ്പെടുത്തുന്നതാണ്. കൂടാതെ, മേൽസൂചിപ്പിച്ച ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം 10% മോട്ടോർ വാഹന നികുതി, പെട്രോളിൻമേലുള്ള സെസ് എന്നിവ കിഫ്ബിയുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനു പുറമെ, ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ / സഹകരണ ബാങ്കുകളിൽ നിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു. |
| **(ബി)** പ്രസ്തുത പാക്കേജ് പ്രകാരം ഏതെങ്കിലും പദ്ധതികളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിയിലൂടെ പ്രഥമമായി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിൻ പ്രകാരം, വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കപ്പെട്ട |

| | |
|---|---|
| | പദ്ധതികളിൽ, 08-08-2016 ലെ സ.ഉ (കൈ) നം.315/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ KIIF ആക്റ്റിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. നിലവിൽ ഈ പദ്ധതികളുടെ വിലയിരുത്തൽ നടപടികൾ നടന്നു വരുന്നു. ഇതിനു ശേഷം ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**